Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 7/2020**

# വിശ്വാസപരിശീലനവർഷം 2020-2021

## 'സ്നേഹം സർവ്വോത്കൃഷ്ടം'

**മിശിഹായിൽ സ്നേഹ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, വിശ്വാസപരിശീലകരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,**

ഇന്ന് സാർവ്വത്രികസഭ പന്തക്കുസ്താതിരുനാൾ ആചരിക്കുകയാണ്. ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളി വന്നതിന്റേയും, അതുവഴി ശിഷ്യന്മാർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ശക്തരായിതീർന്നതിന്റേയും ഓർമ്മ സഭ ഇന്ന് ആചരിക്കുന്നു. ഈ വിശുദ്ധ ദിവസത്തിൽത്തന്നെ 2020-2021 വിശ്വാസപരിശീലന വർഷം നമ്മുടെ അതിരൂപതയിൽ ആരംഭിക്കുകയാണ്.

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ വിശ്വാസപരിശീലനം തുടർന്നുകൊണ്ടുപോകുവാൻ എങ്ങനെ സാധിക്കും എന്ന ആശങ്ക എല്ലാവരിലും ഉണ്ട്. ഇടവകദേവാലയത്തിൽ ഒരുമിച്ചുകൂടി വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനും വിശ്വാസപരിശീലന ക്ലാസ്സുകളിൽ സംബന്ധിക്കുവാനുമുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ലായെന്ന് നമുക്ക് എല്ലാവർക്കും അറിയാം. എങ്കിലും എല്ലാ പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ചുകൊണ്ട് പ്രത്യാശയോടെ ക്രിസ്തീയജീവിതത്തിനു അനിവാര്യമായ വിശ്വാസ പരിശീലനം തുടർന്നുകൊണ്ടുപോകുവാൻ നമുക്ക് കഴിയണം.

വിശ്വാസപരിശീലനം സഭയുടെ പ്രധാനമായ കടമകളിൽ ഒന്നാണ്. ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യന്മാർക്കു നൽകിയ കല്പന ഇന്നും സഭയുടെ അടിസ്ഥാനപരമായ ശുശ്രൂഷയെ സൂചിപ്പിക്കുന്നു: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ ... ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്തായി 18: 19-20). മാമ്മോദീസ സ്വീകരിച്ച എല്ലാവരും ശിഷ്യന്മാരെപോലെ 'സ്വന്തം കാതുകൊണ്ട് കേട്ടതും കണ്ണുകൊണ്ടുകണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനം' (1 യോഹ 1:1) എല്ലാവർക്കും പകർന്നു നൽകുവാൻ കടപ്പെട്ടിരിക്കുന്നു.

ക്രിസ്തു സഭയെ ഏല്പിച്ച ഈ ദൗത്യം തുടർന്നുകൊണ്ടുപോകുവാൻ സഭയിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരാണ് വിശ്വാസപരിശീലകർ. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും വിശ്വാസപരിശീലനം സ്തുത്യർഹമായ വിധത്തിൽ നിർവ്വഹിക്കപ്പെടുന്നു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഇടവകതലത്തിലെ വിശ്വാസപരിശീലനം കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിനു വികാരിയച്ചന്മാർ കാണിക്കുന്ന അതീവശ്രദ്ധയ്ക്കും താത്പര്യത്തിനും എന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. ആറായിരത്തോളം വരുന്ന വിശ്വാസപരിശീലകർ, എഴുപതിനായിരത്തോളം വരുന്ന നമ്മുടെ കുട്ടികൾക്കു നൽകുന്ന വിശ്വാസപരിശീലനം അഭിനന്ദനാർഹം തന്നെയാണ്. ത്യാഗപൂർണ്ണമായ നിങ്ങളുടെ സമർപ്പണവും നിസ്വാർത്ഥമായ നിങ്ങളുടെ ശുശ്രൂഷയും വഴി നമ്മുടെ എല്ലാ മക്കളും ക്രിസ്തീയജീവിതത്തിന്റെ പക്വതയിലേക്കും പൂർണ്ണതയിലേക്കും വളരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ക്രിയാത്മകവും പ്രചോദനാത്മകവുമായ വിശ്വാസപരിശീലന പരിപാടികൾക്ക് നമ്മുടെ അതിരൂപത എക്കാലവും മുന്നിൽ നിന്നു നേതൃത്വം കൊടുക്കുന്നുണ്ട്. ഈ ലോക്ഡൗൺ സാഹ

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

ചര്യത്തിൽ കുടുംബങ്ങളെ കേന്ദ്രീകരിച്ചു നടത്തുവാൻ ഉദ്ദേശിക്കുന്ന വിശ്വാസപരിശീലന പദ്ധതി 'Domus Cat' എന്ന പേരിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലൂടെ 'വീട് ഒരു വിശ്വാസ പരിശീലന കളരിയായും' മാതാപിതാക്കൾ ഏറ്റവും അടുത്ത വിശ്വാസപരിശീലകരായും മാറുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ മാതാപിതാക്കളും കുട്ടികളുടെ വിശ്വാസപരിശീലന കാര്യങ്ങൾക്ക് ഉദാത്തമായ തീക്ഷണതയും താത്പര്യവും കാണിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ഔപചാരികമായ വിശ്വാസപരിശീലന സാധ്യതകൾ ഉള്ളപ്പോൾപ്പോലും കുടുംബമെന്ന ആദ്യകളരിയിൽ നിന്നും മാതാപിതാക്കളാണല്ലോ കുട്ടികൾക്ക് വിശ്വാസത്തിന്റെ ബാലപാഠങ്ങൾ പകർന്നുകൊടുക്കേണ്ടതും അഭ്യസിപ്പിക്കേണ്ടതും. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന വിശ്വാസസത്യത്തിലേയ്ക്കു മക്കളെ നയിക്കുക, യേശു പഠിപ്പിച്ച കാര്യങ്ങൾ അവരെ പഠിപ്പിക്കുക, അതനുസരിച്ച് ജീവിക്കുവാൻ അവരെ പരിശീലിപ്പിക്കുക, അങ്ങനെ സഭയെ പടത്തുയർത്തുക എന്ന ദൗത്യനിർവ്വഹണത്തിൽ സജീവ സഹകാരികളാകുവാനുള്ള പ്രത്യേകക്ഷണമാണ് ഈ സാഹചര്യം (Domus Cat) മാതാപിതാക്കൾക്ക് നൽകുന്നത്. വിശ്വാസസാക്ഷ്യത്തിലൂടെയും ദൈവാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിലൂടെയും സ്വന്തം വിശ്വാസജീവിതത്തിൽ പൂർണ്ണത കൈവരിക്കുവാനും മക്കളുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ചുകൊണ്ട് അവരുടെ ജീവിത യാത്രയിൽ ക്രിസ്തുവിനെപോലെ അവരെ അനുയാത്ര ചെയ്യാനും നിങ്ങൾക്ക് കഴിയട്ടെ. ലത്തീനിലുള്ള ഒരു പ്രയോഗം ഓർമ്മിപ്പിക്കട്ടെ: '*Nemo dat quod non habet*' (No one gives what they don't have) - ഉള്ളതേ കൊടുക്കുവാൻ കഴിയൂ. പ്രിയ മാതാപിതാക്കളേ; വിശ്വാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവിലും അനുഭവത്തിലും നിങ്ങളുടെ മക്കളെ വളർത്തുവാൻ വിശ്വാസപരിശീലകരായ നിങ്ങളെ യേശുനാഥൻ സഹായിക്കട്ടെ.

വിശ്വാസപരിശീലനം ജൂൺ 7-ാം തീയതി മുതൽ ആരംഭിക്കുന്നു. ലോക്ഡൗൺകാലം കഴിയുന്നതുവരെ ഞായറാഴ്ചകളിൽ രാവിലെ 10.00 മണി മുതൽ 11.00 മണിവരെ ഒരു മണിക്കൂർ നേരമെങ്കിലും മാതാപിതാക്കളുടെയും മുതിർന്നവരുടെയും നേതൃത്വത്തിൽ സ്വഭവനങ്ങളിൽ കുട്ടികൾ വിശ്വാസപരിശീലനം നടത്തണം. അതാതു ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ വായിച്ചും വായിപ്പിച്ചും പറഞ്ഞുകൊടുത്തും നോട്ടുകൾ തയ്യാറാക്കിയും മീഡിയ സംവിധാനങ്ങളിലൂടെ ലഭ്യമാക്കുന്ന ക്ലാസ്സുകൾ ഉപയോഗപ്പെടുത്തിയും വിശ്വാസപരിശീലനം തുടർന്നുകൊണ്ടു പോകുവാൻ മാതാപിതാക്കളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഇതിനായി വികാരിയച്ചന്മാരും വിശ്വാസപരിശീലകരും ശ്രദ്ധചെലുത്തേണ്ടതും അതത് ഇടവകകളുടെ പശ്ചാത്തലത്തിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

'സ്നേഹം സർവ്വോത്കൃഷ്ടം' (1 കൊറി 13:13) എന്നതാണ് 2020-2021 വിശ്വാസ പരിശീലന വർഷത്തിലെ ആപ്തവാക്യം. കഴിഞ്ഞ വർഷങ്ങളിൽ നമ്മൾ വിഷയമാക്കിയ വിശ്വാസം, പ്രത്യാശ എന്നീ രണ്ട് ദൈവീകപുണ്യങ്ങളെക്കുറിച്ചുള്ള പഠനവും ക്രിയാത്മകപ്രവർത്തനങ്ങളും ഈ പുണ്യങ്ങളുടെ അന്തഃസത്ത ജീവിതത്തിൽ പകർത്തുവാൻ എല്ലാവരേയും സഹായിച്ചിട്ടുണ്ടെന്ന് കരുതുന്നു. 'സ്നേഹം' എന്ന മൂന്നാമത്തെ ദൈവീകപുണ്യത്തിന് ഈ വർഷം കൂടുതൽ ഊന്നൽ നൽകുമ്പോൾ ഈ പുണ്യത്തിൽ വളരാൻ നമുക്ക് പരിശ്രമിക്കുകയും ചെയ്യാം. 'സ്നേഹമാണ് സർവ്വോത്കൃഷ്ടം' എന്ന് വി. പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുമ്പോൾ 'സ്നേഹിക്കുന്ന ദൈവത്തോടൊപ്പം, ഈശോയെപോലെ സ്നേഹിക്കാനും' ഈ വർഷത്തെ വിശ്വാസപരിശീലനം എല്ലാവരെയും പ്രാപ്തരാക്കട്ടെ.

പെറ്റമ്മ മറന്നാൽപോലും ഉപേക്ഷിക്കാത്ത സ്നേഹംതന്നെയായ ദൈവം എത്രമാത്രം കരുതലോടെയാണ് നമ്മെ ഒരോരുത്തരേയും വ്യക്തിപരമായി സ്നേഹിക്കുന്നത്. തന്റെ ഉള്ളം കൈയിലാണ് നമ്മുടെ ഓരോരുത്തരുടെയും പേര് അവിടുന്ന് എഴുതിയിരിക്കുന്നത്. കഴുകൻ

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

തന്റെ കുഞ്ഞിനെ പറക്കാൻ പഠിപ്പിക്കുന്നതിനേക്കാൻ തീക്ഷണതയോടെയാണ് അവിടുന്ന് നമ്മെ വളർത്തുന്നതും പരിശീലിപ്പിക്കുന്നതും. തന്റെ ഏകജാതനായ ഈശോയെ നൽകാൻ തക്കവിധം അവിടുന്ന് അത്രമാത്രം നമ്മെ സ്നേഹിച്ചു (യോഹന്നാൻ 3:16). അവർണ്ണനീയമായ ഈ സ്നേഹത്തിന്റെ പൂർണ്ണമായ വെളിപ്പെടുത്തൽ ഈശോയുടെ കുരിശിലെ ബലിയിലൂടെ അവിടുന്ന് വെളിപ്പെടുത്തി.

ദൈവസ്നേഹം അനുഭവിക്കുന്ന ഓരോരുത്തരും തങ്ങളുടെ ജീവിതത്തിൽ അനുകരിക്കേണ്ടത് ഈശോയുടെ സ്നേഹം തന്നെയാണ്. പാപികളായിരിക്കുന്ന നമുക്കുവേണ്ടി കുരിശിൽ സ്വന്തം ജീവൻപോലും സമർപ്പിക്കാനും സ്വയം ശൂന്യവൽക്കരിച്ചുകൊണ്ട് അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ എന്നും നമ്മോടൊത്ത് വസിക്കുവാനും തയ്യാറായ ഈശോയുടെ ത്യാഗപൂർണമായ സ്നേഹമാണ് നമ്മുടെ ജീവിതപാതയിലെ വഴിവിളക്കും വറ്റാത്ത എണ്ണയും.

പ്രിയ കുട്ടികളേ, സ്നേഹമെന്ന ദൈവീകപുണ്യത്തിൽ ഊന്നി ചെറുതും വലുതുമായ സത്പ്രവൃത്തികളും നന്മകളും ചെയ്യുന്ന നല്ല വ്യക്തികളായി തീരുവാൻ എല്ലാവരും ശ്രദ്ധിക്കണം. സ്വാർത്ഥമതികളായി വളരാതെ ആത്മാർത്ഥമായി മാതാപിതാക്കളെ സഹായിക്കണം. നിങ്ങളോടുള്ള സ്നേഹത്താൽ ജീവിതം മുഴുവൻ നിങ്ങൾക്കായി സമർപ്പിച്ചുകൊണ്ട് താങ്ങും തണലുമായിട്ടുള്ള നിങ്ങളുടെ മാതാപിതാക്കളുടെ ജീവിതം തളർന്നുപോകുവാൻ നിങ്ങളാൽ ഇടയാക്കരുത്. കുടുംബങ്ങളിലെ വൃദ്ധരുടെ അടുത്തിരിക്കാനും അവരെ സ്നേഹത്തോടെ സഹായിക്കുവാനും നമുക്കാകണം. അതുപോലെതന്നെ പൊതുസ്ഥലങ്ങളിൽ സഹായവും സ്നേഹവും അർഹിക്കുന്നവർക്ക് സഹനം ഏറ്റെടുത്തുപോലും അവരുടെ ജീവിതത്തിനു കരുതലാകാനും കാവലാകാനും നമുക്ക് കഴിയണം. സൗഹൃദങ്ങളും വ്യക്തിബന്ധങ്ങളും ക്രിസ്തീയ ചൈതന്യത്തിൽ വളർത്തിയെടുക്കുവാൻ ജാഗ്രതയോടെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

അതിരുകളില്ലാതെ സ്നേഹിക്കുന്ന ദൈവം, നിങ്ങളെയെല്ലാവരേയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പുതിയ അദ്ധ്യയന വർഷത്തിന്റെ എല്ലാ നന്മകളും നിങ്ങൾക്ക് ഞാൻ ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ A Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA · ERNAKULAM-ANGAMALY

.........................................

N.B.: **2020 മെയ് 31 ഞായറാഴ്ച** പള്ളിയിൽ വായിക്കുന്നതിനായുള്ള ഈ സർക്കുലർ ലോക്ക് ഡൗൺ സാഹചര്യമായതിനാൽ ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കുവാനുള്ള ക്രമീകരണങ്ങൾ ബ. വികാരിയച്ചന്മാർ ചെയ്യേണ്ടതാണ്.